REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

1. ജമ്മു കശ്മീരിൽ ആദ്യഘട്ട തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് അല്പസമയത്തിനകം തുടങ്ങും.
2. മലപ്പുറത്തെ നിപ രോഗബാധയുമായി ബന്ധപ്പെട്ട് 16 പേരുടെ സ്രവപരിശോധനാഫലവും നെഗറ്റീവാണെന്ന് മന്ത്രി വീണാ ജോർജ്.
3. ആറന്മുള ഉത്രട്ടാതി ജലോത്സവം ഇന്ന്. മത്സര വള്ളംകളി ഉച്ചകഴിഞ്ഞ്.
4. ഓണാഘോഷത്തിന് സമാപനം കുറിച്ച് തൃശൂരിൽ വൈകിട്ട് പുലിക്കളി.
5. തിരുവനന്തപുരത്ത് പ്രഥമ കേരള ക്രിക്കറ്റ് ലീഗ് ഇന്ന് സമാപിക്കും.

## വാർത്തകൾ വിശദമായി

കേന്ദ്രഭരണ പ്രദേശമായ ജമ്മു കശ്മീരിൽ ആദ്യഘട്ട തിരഞ്ഞെടുപ്പ് ഇന്ന്. 2019 ൽ ഭരണഘടനയുടെ 370-ാം വകുപ്പ് പിൻവലിച്ച ശേഷം നടക്കുന്ന ആദ്യ നിയമസഭാ തിരഞ്ഞെടുപ്പാണിത്. പത്തു വർഷം മുമ്പാണ് ജമ്മുകശ്മീരിൽ ഇതിനു മുമ്പ് നിയമസഭാ തിരഞ്ഞെടുപ്പ് നടന്നത്.

ഏഴ് ജില്ലകളിലെ 24 നിയമസഭാ മണ്ഡലങ്ങളിലേക്ക് വോട്ടെടുപ്പ് അല്പസമയത്തിനകം തുടങ്ങും. കശ്മീർ ഡിവിഷനിലെ അനന്ത്നാഗ്, പുൽവാമ, ഷോപിയാൻ, കുൽഗാം, ജമ്മു ഡിവിഷനിലെ ദോഡ, റംബാൻ, കിഷ്ത്വാർ ജില്ലകളിലുമാണ് ഇന്ന് വിധിയെഴുത്ത് .

90 നിയമസഭാ മണ്ഡലങ്ങളിലേക്ക് മൂന്ന് ഘട്ടങ്ങളിലായാണ് തിരഞ്ഞെടുപ്പ്. രണ്ടാം ഘട്ടത്തിൽ ഈ മാസം 25നും മൂന്നാം ഘട്ടത്തിൽ അടുത്തമാസം ഒന്നിനും വോട്ടെടുപ്പ് നടക്കും. തിരഞ്ഞെടുപ്പിന് കർശന സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

വോട്ടെണ്ണൽ അടുത്തമാസം 8 നാണ്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു മൂന്ന് സംസ്ഥാനങ്ങളിലെ സന്ദർശനം ഇന്ന് ആരംഭിക്കും. രാജസ്ഥാൻ, മധ്യപ്രദേശ്, ജാർഖണ്ഡ് സന്ദർശനത്തിന്റെ ആദ്യ ദിവസമായ ഇന്ന് ജയ്പൂരിലെത്തുന്ന രാഷ്ട്രപതി മാളവ്യ NIT യുടെ ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. നാളെ മധ്യപ്രദേശിലേക്ക് പോകുന്ന ദ്രൗപതി മുർമു സഫായ്മിത്ര സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഇൻഡോർ- ഉജ്ജ്വയിൻ ആറുവരി റോഡ് പദ്ധതിക്ക് അവർ തറക്കല്ലിടും. വെള്ളിയാഴ്ച റാഞ്ചിയിൽ ICAR കാർഷിക കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷ ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

മലപ്പുറത്തെ നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ ലഭിച്ച 16 പേരുടെ സ്രവപരിശോധനാഫലവും നെഗറ്റീവാണെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇന്നലെ 80 പേരെ കൂടി സമ്പർക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 50 പേർ ഹൈറിസ്ക് വിഭാഗത്തിലാണ്. നിലവിൽ 255 പേരെയാണ് സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 77 പേർ ആരോഗ്യപ്രവർത്തകരാണ്. 171 പേർ പ്രാഥമിക സമ്പർക്ക പട്ടികയിലും 84 പേർ സെക്കണ്ടറി സമ്പർക്ക പട്ടികയിലുമാണ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..........(വോയ്സ്)............

നിപ ബാധിച്ച് മരിച്ച 24 കാരനൊപ്പം ബംഗളൂരുവിലെ കോളജിൽ ഉണ്ടായിരുന്ന 30 പേരും സമ്പർക്ക പട്ടികയിലുണ്ട്. എന്നാൽ ഇവരെ ലോ-റിസ്ക് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രോഗലക്ഷണങ്ങളുമായി നാലു പേരെ ഇന്നലെ മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവരടക്കം ആറ് പേർ

മഞ്ചേരിയിലും 21 പേർ പെരിന്തൽമണ്ണ MES മെഡിക്കൽ കോളജിലും ചികിത്സയിലാണ്.

രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ഇന്നലെ മമ്പാട് ഗ്രാമപഞ്ചായത്തിൽ 1,576 വീടുകളിലും, വണ്ടൂരിൽ 1,711 വീടുകളിലും, തിരുവാലിയിൽ 1,694 വീടുകളിലും ഫീൽഡ് സർവെ നടത്തി. വൈകിട്ട് ചേർന്ന അവലോകനയോഗത്തിൽ മന്ത്രി വീണാ ജോർജും, ജില്ലാകളക്ടറും, ജില്ലാ പൊലീസ് മേധാവിയും, DMO യും, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

✪✪✪

M - പോക്സ് ലക്ഷണങ്ങളുമായി മഞ്ചേരി ഗവ. മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്ന യുവാവിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് ഡോക്ടർമാർ അറിയിച്ചു. ഇയാളുടെ സ്രവ പരിശോധനാ ഫലം ഇന്ന് ലഭിച്ചേക്കും. ദുബായിൽ നിന്ന് നാട്ടിലെത്തിയ എടവണ്ണ സ്വദേശിയ്ക്കാണ് M- പോക്സ് ലക്ഷണങ്ങൾ കണ്ടെത്തിയത്.

✪✪✪

വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല-പുഞ്ചിരിമറ്റം ഉരുൾപൊട്ടൽ പുനരധിവാസ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്ന തരത്തിൽ ചില മാധ്യമങ്ങൾ നടത്തിയ പ്രചാരണം അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് CPIM സംസ്ഥാന സെക്രട്ടേറിയറ്റ് കുറ്റപ്പെടുത്തി.

ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് കേരളത്തിന് ആവശ്യപ്പെടാൻ കഴിയുന്ന തുക സംസ്ഥാന ഗവൺമെന്റ് ഇനം തിരിച്ച് നൽകുകയായിരുന്നു. കേന്ദ്ര നിർദ്ദേശം കൂടി കണക്കിലെടുത്താണ് ഇത്തരമൊരു നിവേദനം തയ്യാറാക്കിയത്. ഇതിലെ കണക്കുകൾ ഗവൺമെന്റ് ചെലവഴിച്ച തുകയെന്ന നിലയിൽ പ്രചരിപ്പിക്കുകയായിരുന്നു. ഇത്തരം ശ്രമങ്ങളെ പ്രതിരോധിക്കാൻ പൊതുസമൂഹം ജനാധിപത്യ ബോധത്തോടെ രംഗത്തിറങ്ങണമെന്ന് സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

ഇന്ന് അന്താരാഷ്ട്ര തുല്യവേതനദിനം. തുല്യ ജോലിയ്ക്ക് ലിംഗ-ജാതി-വംശ-ദേശ വ്യത്യാസമില്ലാതെ തുല്യ വേതനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ സെപ്തംബർ 18 തുല്യവേതനദിനം ആഘോഷിക്കുന്നത്. മനുഷ്യാവകാശങ്ങളോട്

പ്രതിബദ്ധത പുലർത്തി, വിവേചനങ്ങൾ എതിർക്കുന്ന നിലപാടുകളുടെ ഭാഗമായാണ് ദിനാചരണം.

✪✪✪

ആറന്മുള ഉത്രട്ടാതി ജലോത്സവം ഇന്ന്. 52 പള്ളിയോട ങ്ങളാണ് ഇക്കുറി ജലമേളയിൽ പങ്കെടുക്കുന്നത്. രാവിലെ സത്രകടവ് പന്തലിന്റ സമീപം പത്തനംതിട്ട ജില്ലാ കലക്ടർ S പ്രേംകൃഷ്ണൻ പതാക ഉയർത്തുന്നതോടെ മേളയ്ക്ക് തുടക്കമൊകും. ഉച്ച കഴിഞ്ഞ് വള്ളങ്ങളുടെ മത്സരം ആരംഭിക്കും.കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രിമാരായ KN ബാലഗോപാൽ, P.A മുഹമ്മദ് റിയാസ്, വീണ ജോർജ്, റോഷിൻ അഗസ്റ്റിൻ, P പ്രസാദ്, V.N വാസവൻ തുടങ്ങിയവരും മറ്റു ജനപ്രതിനിധികളും പങ്കെടുക്കും.

ഉത്രട്ടാതി വള്ളംകളിയോടനുബന്ധിച്ച് പത്തനം തിട്ട ജില്ലയിലെ എല്ലാ ഗവൺമെൻറ് ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചു. പൊതുപരീക്ഷകൾക്ക് മാറ്റമില്ല.

✪✪✪

ഓണാഘോഷത്തിന് സമാപനം കുറിച്ച് തൃശൂരിൽ ഇന്ന് വൈകിട്ട് പുലികളി. ഏഴു സംഘങ്ങളാണ് ഇത്തവണ പുലികളിയിൽ പങ്കെടുക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി ഭരിതാ പ്രതാപ്.

.....(വോയ്സ്)...........

✪✪✪

അന്താരാഷ്ട്ര ക്രിക്കറ്റ് കമ്മിറ്റി പുരുഷ – വനിതാ ICC ലോകകപ്പുകളിൽ ഒരേ സമ്മാനത്തുക നൽകാൻ തീരുമാനിച്ചു. ഒക്ടോബർ മൂന്നിന് UAE യിൽ ആരംഭിക്കുന്ന ഈ വർഷത്തെ വനിത ട്വന്റി - 20 ലോകകപ്പ് മുതൽ ഇത് നടപ്പാക്കും. വിജയിക്കുന്ന ടീമിന് 19 കോടി 60 ലക്ഷം രൂപയാണ് സമ്മാനത്തുക.

കഴിഞ്ഞ ലോകകപ്പിൽ വനിതാ ടീമിന് എട്ട് കോടി 37 ലക്ഷം രൂപയായിരുന്നു സമ്മാനത്തുക. ഇതോടെ പുരുഷ- വനിതാ ടീമുകൾക്ക് ഒരേ സമ്മാനത്തുക നൽകുന്ന ആദ്യ കായികയിനമായി ക്രിക്കറ്റ് മാറും. ലിംഗനീതിയിൽ ചരിത്രം കുറിയ്ക്കാൻ ഈ നടപടി സഹായകമാകുമെന്നാണ് വിലയിരുത്തൽ.

✪✪✪

തിരുവനന്തപുരത്ത് പ്രഥമ കേരള ക്രിക്കറ്റ് ലീഗ് ഇന്ന് സമാപിക്കും. വൈകിട്ട് ആറരയ്ക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെ ഫൈനലിൽ കലിക്കറ്റ് ഗ്ലോബ് സ്റ്റാർസും, ഏരീസ് കൊല്ലം സെയ്‌ലേഴ്സും ഏറ്റുമുട്ടും. ജേതാക്കൾക്ക് KCL ബ്രാൻഡ് അംബാസിഡർ മോഹൻലാലും, മന്ത്രി V അബ്ദുറഹിമാനും ട്രോഫി സമ്മാനിയ്ക്കും.

✪✪✪

ഇന്ത്യൻ സൂപ്പർലീഗ് ഫുട്ബോളിൽ ഗോവയിൽ ജംഷഡ്പൂർ FC, FCഗോവയെ ഒന്നിനെതിരെ രണ്ടു ഗോളിന് തോൽപ്പിച്ചു. ഇന്ന് കളിയില്ല. നാളെ ബംഗളൂരു FC, ഹൈദരാബാദ് FC യെ നേരിടും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് കലിക്കറ്റ് FC, ഫോഴ്സ കൊച്ചിയെ നേരിടും. കോഴിക്കോട് കോർപ്പറേഷൻ EMS സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഇന്ത്യ--ബംഗ്ലാദേശ് രണ്ട് മത്സര ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ. ചെന്നൈ ചെപ്പോക്ക് സ്റ്റേഡിയത്തിൽ രാവിലെ ഒമ്പതരയ്ക്ക് മത്സരം തുടങ്ങും. ഈ മാസം 27 ന് കാൺപൂരിലാണ് രണ്ടാം ടെസ്റ്റ്.

✪✪✪

സംസ്ഥന ഗവൺമെന്റിന്റെ 'ആഗോള നിക്ഷേപക യോഗത്തിന്റെ ഭാഗമായ റോഡ്ഷോ നാളെ ബംഗളൂരുവിൽ നടത്തും. കേരളത്തിന് പുറത്തെ രണ്ടാമത്തെ റോഡ്ഷോ ആണിത്. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ ഒന്നാം സ്ഥാനവും, കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്ക് അനുമതിയും ലഭിച്ച ശേഷം നടത്തുന്ന പരിപാടി സംസ്ഥാനത്തേക്ക് എത്തുന്ന നിക്ഷേപങ്ങളുടെ വേഗം വർധിപ്പിക്കുമെന്ന് മന്ത്രി P രാജീവ് പറഞ്ഞു.

✪✪✪

മൂന്നേകാൽ വർഷം കൊണ്ട് സംസ്ഥാനത്തെ 30,000 കിലോമീറ്റർ PWD റോഡുകളിൽ പകുതിയും BM BC നിലവാരത്തിലാക്കിയെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് കോട്ടയം അതിരമ്പുഴയിൽ പറഞ്ഞു. നവീകരിച്ച അതിരമ്പുഴ ജംഗ്ഷനും, ആട്ടുകാരൻ കവല റോഡും, ഹോളിക്രോസ് റോഡും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

'ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ' പദ്ധതിയുടെ സംസ്ഥാനതലചടങ്ങ് മന്ത്രി V. അബ്ദുറഹ്മാൻ ഇന്ന് കൽപ്പറ്റയിൽ ഉദ്ഘാടനം ചെയ്യും. സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും കേരള നോളജ് ഇക്കോണമി മിഷനും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

ഇന്ന് ലോക മുള ദിനം. അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കുറയ്ക്കാൻ സഹായിക്കുന്ന പരിസ്ഥിതി സൗഹൃദ സസ്യമാണ് മുള. മുളയെക്കുറിച്ചും അതിന്റെ നിരവധി ഉപയോഗങ്ങളെക്കുറിച്ചും അവബോധം വളർത്തുന്നതിനായാണ് എല്ലാ വർഷവും സെപ്റ്റംബർ 18 ലോക മുള ദിനമായി ആചരിക്കുന്നത്.

✪✪✪